പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6126

07.07.2014- ൽ മറുപടിക്ക്

## മണി ഓർഡർ സംവിധാനം വഴി ക്ഷേമപെൻഷൻ വിതരണം

ചോദ്യം
ഡോ. കെ.ടി. ജലീൽ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സമ്പൂർണ്ണ ക്ഷേമ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ സമ്പൂർണ്ണ ക്ഷേമ പെൻഷൻ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | ബാങ്ക് അക്കൗണ്ടും പോസ്റ്റോഫീസ് അക്കൗണ്ടുകളും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് ആയിട്ടില്ല എന്ന കാരണത്താൽ കഴിഞ്ഞ 10 മാസമായി ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യാത്ത പഞ്ചായത്തുകൾ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | അക്കൗണ്ടുകൾ ഓൺലൈൻ ആയിട്ടില്ല എന്ന കാരണത്താൽ പെൻഷൻ വിതരണം മുടങ്ങിയിട്ടില്ല. സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് തുക കൈമാറുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം പൂർത്തിയായിട്ടില്ലാത്തതിനാൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മണി ഓർഡർ സംവിധാനം വഴിയാണ് തുക നൽകുന്നത്. |
| (സി) | എങ്കിൽ ഇത്തരം പഞ്ചായത്തുകൾക്ക്, മണി ഓർഡർ സംവിധാനം വഴി ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകാൻ, സർക്കാർ നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ